**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2162** **03-03-2025-ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ്
ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഏതു സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ആണ് നടന്നിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2016-17 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ച് കോർപ്പറേഷന്റെ വാർഷിക ജനറൽ മീറ്റിംഗിൽ അംഗീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ചു. ആയത് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**(ബി)** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവ പ്രകാരം ഓഡിറ്റ് നടപടികൾ നടത്തേണ്ടത് ആരാണ് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ( നിയോഗിക്കുന്ന ഓഡിറ്റർമാരാണ് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനിലെ ഓഡിറ്റ് നടപടികൾ നടത്തേണ്ടത്.

**(സി)** ഏതു വർഷത്തെ ഓഡിറ്റ് നടത്തുന്നതിനായാണ് സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവസാനമായി കത്ത് നൽകിയത് എന്ന് വ്യക്തമാക്കാമോ; ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**മറുപടി:** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഓഡിറ്റ് നടത്തുന്നതിനായി സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന് കോർപ്പറേഷൻ കത്ത് നൽകിയിട്ടില്ല.

**(ഡി)** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

**മറുപടി:** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**